ജി.(2)22143/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി : 25.06.2009

## സർക്കുലർ നമ്പർ. 31/09

വിഷയം: സഹകരണവകുപ്പ് – പാലക്കാട് ജില്ലയിലെ മണ്ണാർകാട് താലൂക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ കെട്ടിടനിർമ്മാണത്തിന് ധനസഹായത്തിന് അനുമതി സംബന്ധിച്ച്.

സൂചന : 1. പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി ജനറൽ സെക്രട്ടറിയുടെ നിവേദനം.
2. സഹകരണ (സി) വകുപ്പിന്റെ 16.6.2009 ലെ സ.ഉ.(സാധാ) നമ്പർ 259/09/സഹ നമ്പർ ഉത്തരവ്.

പാലക്കാട് ജില്ലയിലെ മണ്ണാർകാട് കേന്ദ്രമായി പ്രവർത്തിക്കുന്ന പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ കെട്ടിടനിർമ്മാണത്തിന് സഹകരണസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്നതിന് വേണ്ടി സൂചന 1 പ്രകാരം നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അനുവാദം നൽകികൊണ്ട് സൂചന 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മണ്ണാർകാട് താലൂക്കിൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ തങ്ങളുടെ പൊതു നന്മാ ഫണ്ടിൽ നിന്നും പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുവാദം നൽകുന്നു. ഇക്കാര്യം മണ്ണാർകാട് താലൂക്കിലെ സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്.
റാണിജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് : 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) പാലക്കാട്.
2. പാലക്കാട് ജില്ലയിലെ മണ്ണാർകാട് താലൂക്കിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മണ്ണാർകാട്
4. ചെയർമാൻ/സെക്രട്ടറി, എസ്.സി.യു., മണ്ണാർകാട്
5. ജനറൽ സെക്രട്ടറി, പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി, മണ്ണാർക്കാട് പി.ഒ
6. രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)